[Mr. President.]

Assembly, and has at times led to the adjournment of the House due to the non-receipt of the printed cut motion lists in time. To facilitate smooth working, and also to enable all the members to send in their notices without taking the risk of the uncertainty as to the date of discussion of a particular demand. I would suggest that all the cut motions which the members wish to move may be sent to the Secretary so as to reach him before the evening of the 8th August 1948. Since copies of the Preliminary Edition of the Budget Estimate have been made available to the members there is sufficient time to make the necessary entries in the cut motion forms, by referring to the relevant heads in the Budget Estimates. I trust that the Honorable Members would not find any difficulty in doing this.

സ്റ്റാൻറിംഗ് ഓർഡർ നമ്പർ-൦൦ വകുപ്പ് അനുസരിച്ചുള്ള ഈ സ്റ്റേറ്റുമെൻറിൻെറ ഒരു തർജ്ജമ മലയാളത്തിലും തമിഴിലും എല്ലാ ബഹുമാനപ്പെട്ട അംഗങ്ങൾക്കും വിതരണം ചെയ്യുന്നതാണ്. ഇനി എനിക്ക് വേറൊരു കാര്യം ബഹുമാനപ്പെട്ട അംഗങ്ങളുടെ ശ്രദ്ധയിൽപ്പെടുത്തേണ്ടതായിട്ടുണ്ട്. അതായത് ബഡ്ജറ്റ് വിമർശന വേളയിൽ പൊതുക്കാര്യങ്ങളെ സംബന്ധിക്കുന്ന ഏതെങ്കിലും ഭേദഗതി കൂടാതെ ബഡ്ജറ്റിൽ വരുത്തണമെന്നുണ്ടെങ്കിൽ അതിനായി കുറഞ്ഞ ദിവസവും മുമ്പിനുശേഷം അവയുടെ വിശദവിവരങ്ങൾ അടങ്ങിയ ഒരു പൂർണ്ണ നോട്ടീസിനെ ഏൽപ്പിക്കേണ്ടതാകുന്നു. സഭയുടെ ഓർഡർ അനുസരിച്ച് അതിനെ സ്വീകരിക്കയോ നിരാകരിക്കയോ ചെയ്യുന്നതുമാണ്.

FINANCIAL BUSINESS.

GENERAL DISCUSSION OF THE BUDGET.

MR. G. CHANDRASEKHARA PILLAI (*Deputy President*) : ധനകാര്യ മന്ത്രി കൂടിയായ ബഹുമാനപ്പെട്ട പ്രധാനമന്ത്രിയെ ഈ രീതിയിൽ ഒരു ബഡ്ജറ്റ് അവതരിപ്പിച്ചതിലേയ്ക്ക് ഞാൻ അനുമോദിക്കുന്നു. അദ്ദേഹത്തിൻെറ ബഡ്ജറ്റ് പ്രസംഗത്തിലെ ആദ്യവാചകം തന്നെ ഞാൻ ഇവിടെ ഉദ്ധരിച്ചുകൊണ്ട് എൻെറ പ്രസംഗം തുടരാം. "ഈ സഭ സമക്ഷം ഹാജരാക്കാൻ എനിക്ക് ഭാഗ്യം സിദ്ധിച്ച ഈ ബഡ്ജറ്റ് ഈ സംസ്ഥാനത്തിലെ സ്വതന്ത്രജനതയുടെ ഗവൺമെൻറിൻെറ പ്രഥമ ബഡ്ജറ്റ് ആകകൊണ്ട് അതു തിരുവിതാംകൂറിൻെറ ചരിത്രത്തിൽ അവിസ്മരണീയമായ ഒന്നായി തീരുമെന്ന ഉപക്രമമായി ഞാൻ പറയുകയാണെങ്കിൽ അതു ക്ഷമിക്കുമെന്ന് വിശ്വസിക്കുന്നു." ഇതു ഏറ്റവും അർത്ഥവത്താണ്. സർ, ജനകീയഗവൺമെൻറ്

LIBRARY ARCHIVES Kerala Legislative Assembly

ഭരിക്കാൻ തുടങ്ങുന്നതു് തിരുവിതാംകൂറിൽ ഇതാദ്യമായിട്ടാണു്. ഇതിനു മുമ്പു് തിരുവിതാംകൂർ ഭരിച്ചിരുന്നതു് ഒരു സേച്ഛാധികാരിയായിരുന്നു. കഴിഞ്ഞ ഏഴു വർഷക്കാലമായി സേച്ഛാരാജ്യം നടന്നുവന്ന തിരുവിതാംകൂറിൽ ജനകീയ ഗവണ്മെൻറു സംസ്ഥാപിതമായിരിക്കുന്നു തന്മൂലം തിരുവിതാംകൂറിനു മോക്ഷം കിട്ടിയിരിക്കുന്നു എന്നു പൊതുജനങ്ങൾ വിശ്വസിക്കുന്നു. ഇന്നാടിലെ ജനങ്ങൾ വളരെ പ്രതീക്ഷകളോടും പ്രത്യാശകളോടും കൂടിയാണു് ഗവണ്മെൻറിൻെറ പ്രവർത്തനങ്ങളെ വീക്ഷിച്ചു വരുന്നതു്. ആ പശ്ചാത്തലത്തിൽ നിന്നുകൊണ്ടു വേണം ഈ ബഡ്ജറിനെപ്പറ്റി നമുക്കു് ചിന്തിക്കാൻ. ജനകീയ ഭരണത്തിൽ പൈതൃകസ്വത്തും പാടവവും സിദ്ധിച്ചിട്ടില്ലാത്ത നേതാക്കന്മാരാണു് ഇന്നു തിരുവിതാംകൂറിലെ മന്ത്രിപദം അലങ്കരിച്ചിരിക്കുന്നതു്. ധൃതഗതിയിൽ അവർക്കു് വിപുലവുകരമായ യാതൊരു പരിപാടിയും പ്രായോഗികമാക്കിത്തീർക്കാൻ സാധിക്കാത്ത ഒരു പരിതഃസ്ഥിതിയിൽ ആണു് അവർ ഭരണഭാരം ഏറ്റെടുത്തിരിക്കുന്നതെന്നു നാം പ്രത്യേകം സ്മരിക്കേണ്ടതാണു്.

മനുഷ്യരെ മനുഷ്യരായി ഗണിക്കപ്പെടാത്ത ഒരു കാലം കഴിഞ്ഞു മനുഷ്യരെല്ലാപേരും ഒന്നുപോലത്തെ മനുഷ്യരാണെന്നു വിഭാവന ചെയ്യുന്ന ഒരു കാലഘട്ടത്തിലാണു് നാം ഇപ്പോൾ നിലകൊള്ളുന്നതു്. ഈ ഘട്ടത്തിൽ നാം മഹാത്മഗാന്ധിയുടെ മഹനീയോദ്ദേശത്തെ അനുസ്മരിക്കേണ്ടതാണു്. ഉത്തരവാദഭരണം സമ്പാദനത്തിനുവേണ്ടിയുള്ള സമരത്തിൽ ഇന്നാട്ടിലെ ജനങ്ങൾക്കു വേണ്ട ഉപദേശവും സഹായവും നൽകി നമ്മളെ വിജയശ്രീലാളിതരാക്കിയതു് ആ മഹാ പുരുഷനാണു്. ആദ്ദേഹത്തിൻെറ സ്മരണമയ നിലനിറുത്തിക്കൊണ്ടുവേണം നാം മുമ്പോട്ടു പോകുവാൻ. മധുവർജനം ആദ്ദേഹത്തിൻെറ ആദർശങ്ങളിൽ ഒന്നായിരുന്നു. ആ ആദർശത്തെ മുറുകെപ്പിടിച്ചുകൊണ്ടു തിരുവിതാംകൂറിലും ഏതാനും താലൂക്കുകളിൽ മധുവർജനം നടപ്പാക്കാൻ പോകുന്നതു് ഏറ്റവും സന്തോഷാവഹം തന്നെ. ഇപ്പോൾ ഈ താലൂക്കുകളിൽ മാത്രമെ മധുവർജനം നടപ്പിലാക്കാൻ പോകുന്നുള്ളൂ. ഒരു സുപ്രഭാതത്തിൽ തിരുവിതാംകൂർ ഒട്ടാകെ മധുവർജനം നടപ്പാക്കാനുള്ള വ്യവസ്ഥകൾ ചെയ്തിരുന്നു എങ്കിൽ അതു് ഏറ്റവും സ്വാഗതാർഹമായിരുന്നേനെ. അപ്രകാരമുള്ള ഒരു ബഡ്ജറായിരുന്നു ധനകാര്യമന്ത്രി ഇവിടെ അവതരിപ്പിക്കേണ്ടിയിരുന്നതു്. എന്നിരുന്നാലും കാലവിളംബമെന്നേ തിരുവിതാംകൂർ ഒട്ടാകെ മധുവർജനം നടപ്പാക്കുമെന്നു നമുക്കു് പ്രതീ

LIBRARY ARCHIVES Kerala Legislative Assembly

[Mr. G. Chandrasekhra Pillai.]

ക്ഷിക്കാം. എന്റെ സ്വന്തം അനുഭവം വച്ചുകൊണ്ടു പറയുകയാണെങ്കിൽ തിരുവിതാംകൂറിലുള്ള ഏതു താലൂക്കിനേക്കാളും മിധുവർജനം ആദ്യം നടപ്പിലാക്കേണ്ടതു് തിരുവനന്തപുരം താലൂക്കിൽ വശേഷിച്ചു് തിരുവനന്തപുരം പട്ടണത്തിൽ ആണു്. എന്നാൽ ഇന്നു തിരുവനന്തപുരം താലൂക്കിന്റെ പരിധിവരെ നടപ്പാക്കാൻ പോകുന്ന മധുവർജനം തിരുവനന്തപുരം താലൂക്കിൽക്കൂടി ഏർപ്പെടുത്തിയിരുന്ന എങ്കിൽ ഈ ബഡ്ജറ്റിനെ സ്വാഗതം ചെയ്യാൻ എനിക്കു് കുറേക്കൂടി സന്തോഷം ഉണ്ടാകുമായിരുന്നു. മധുവർജനം നടപ്പാക്കുന്നതുകൊണ്ടു ഉളവാകുന്ന ആദായ നഷ്ടത്തിനു പരിഹാരമായി സെയിൽസ് ടാക്സ് എന്ന ഒരു പുതിയ നികുതി ജനങ്ങളിൽ ചുമത്തുന്നതിനു് നിശ്ചയിച്ചിരിക്കുന്നു. ഈ താലൂക്കുകളിൽ മാത്രം മധുവർജനം നടപ്പാക്കുകയും ആ നഷ്ട പരിഹാരത്തിനു തിരുവിതാംകൂറിൽ ഉള്ള എല്ലാ ജനങ്ങളും ഉത്തരവാദം വഹിക്കേണ്ടിവരുന്നതും അത്ര ആശാസ്യമല്ല. പ്രൈമറി എഡ്യൂക്കേഷനു വേണ്ടി ൮൦ ലക്ഷം രൂപാ ബഡ്ജറ്റിൽ കൊള്ളിച്ചു കാണുന്നതു സന്തോഷാവഹം തന്നെ. എങ്കിലും ജനകീയ ഭരണം നിലനിൽക്കുന്ന ഈ രാജ്യത്തു രാജ്യവാസികളുടെമാനം വിദ്യാഭ്യാസം ഉള്ളവർ ആയിരിയ്ക്കുന്നതു നന്നായിരിയ്ക്കും. വിദ്യാഭ്യാസവും കാര്യബോധവുമുള്ള സമ്മതിദായകന്മാർ ഉണ്ടായിരിക്കുന്നതാണു ജനകീയ ഭരണത്തിന്റെ രക്ഷാവ്യവസ്ഥ. വിദ്യാഭ്യാസം എന്നാൽ വെറും അക്ഷരജ്ഞാനം എന്നല്ല; സമ്മതിദായകന്മാർ കാര്യബോധമുള്ളവരും രാജ്യത്തിൽ ഉടിയ്ക്കുന്ന വിവിധ പ്രശ്നങ്ങളെപ്പറ്റി ചിന്തിയ്ക്കുന്നതിനു വേണ്ട തിരിച്ചറിവുള്ളവരും ആയിരിയ്ക്കണം. വയോജനവിദ്യാഭ്യാസത്തിലേക്കു് ഒരു ലക്ഷം രൂപാ മാത്രമെ ബഡ്ജറ്റിൽ കൊള്ളിച്ചിട്ടുള്ളു. ഇതു് തീരെ മതിയാകാത്ത ഒരു തുകയാണു്. ഒരു രാജ്യത്തിന്റെ പുരോഗതി വിദ്യാഭ്യാസത്തെ ആശ്രയിച്ചാണു് ഇരിക്കുന്നതു്. ഇന്നു തിരുവിതാംകൂറിൽ പ്രായപൂർത്തിയായവരിൽ ൩൦ ശതമാനവും വിദ്യാഭ്യാസമില്ലാത്തവരാണു്. അവരെ എല്ലാം വിദ്യാഭ്യാസമുള്ളവരാക്കേണ്ടതു് അത്യാവശ്യമാണു്. ആ സ്ഥിതിയ്ക്കു വയോജന വിദ്യാഭ്യാസത്തിനു ഒരു ലക്ഷം രൂപ മാത്രം വച്ചിരിയ്ക്കുന്നതു തീരെ അപര്യാപ്തമാണു്. ഇതിലേക്കു് വേണ്ടിവന്നാൽ ധനകാര്യമന്ത്രി ഒരു സപ്ലിമെന്ററി ഗ്രാന്റുകൂടി ആവശ്യപ്പെട്ടാലും തരക്കേടില്ല.

റൂറൽ ലൈബ്രറികൾക്കു ഒരു ലക്ഷം രൂപാ കൊള്ളിച്ചിരിക്കുന്നതും വളരെ പോരാത്ത ഒരു തുകയാണു്. ഇവിടത്തെ ഇന്നത്തെ സാമ്പത്തിക നിലയെ അടിസ്ഥാനപ്പെടുത്തിയായിരിക്കാം ധനകാര്യമന്ത്രി

LIBRARY ARCHIVES Kerala Legislative Assembly

ഇപ്രകാരം ചെറിയ തുക കൊള്ളിച്ചിട്ടുള്ളതു്. മഹാത്മഗാന്ധിയുടെ സ്മൃതിപരിപാടികളിൽപ്പെട്ട അതിപ്രധാനമായ ഒന്നാണു് ഗ്രാമോദ്ധാരണം. അതിന് ഏകദേശം 8 ലക്ഷം രൂപാ ബഡ്ജറ്റിൽ കൊള്ളിച്ചു കാണുന്നതു ചാരിതാർത്ഥ്യജനകമാണു്.

എനിക്കൊന്നു പറയുവാനുള്ളതു് ഈ ഡിപ്പാർട്ടുമെൻറിൽ സേവനം അനുഷ്ഠിക്കുന്നതിനു കാര്യക്ഷമതയും ത്യാഗശീലവും ഉള്ള ഉദ്യോഗസ്ഥന്മാരെ നിയമിക്കണമെന്നാണു്. അതല്ലാതെ മുൻപു് മർദ്ദനഭരണം നടന്ന കാലത്തുണ്ടായിരുന്ന കൈയ്ക്കൂലിക്കാരായ ഉദ്യോഗസ്ഥന്മാരെക്കൊണ്ടു് ഈ ഡിപ്പാർട്ടുമെൻറുഭരണം നടത്തിക്കരുതെന്നു കൂടി എനിക്കാരപേക്ഷയുണ്ടു്. ഉദ്യോഗസ്ഥന്മാർ എപ്പോഴും സീസറിൻറെ ഭാര്യയെപ്പോലെ സംശയാതീതരായിരിക്കണം. അങ്ങിനെയുള്ള ഉദ്യോഗസ്ഥന്മാരാണു് നമുക്കു് ഇന്നാവശ്യമായിട്ടുള്ളതു്. അടുത്തതായി എനിക്കു പറയുവാനുള്ളതു മെഡിക്കൽ കോളേജിനെപ്പറ്റിയാണു്. നമ്മുടെ സംസ്ഥാനത്തു് ഇടംപ്രമാണമായി മെഡിക്കൽ കോളേജു സ്ഥാപിയ്ക്കാൻ പോകയാണു്. ഈ മെഡിക്കൽ കോളേജിനു വേണ്ടി 5 ലക്ഷം രൂപാ ബഡ്ജറ്റിൽ കൊള്ളിച്ചു കാണുന്നതു് ഏറ്റവും അഭിനന്ദനീയമാണു്.

തിരുവിതാംകൂറിൽ ഒരു മെഡിക്കൽ കോളേജിൻറെ ആവശ്യകത എല്ലാവരും സമ്മതിയ്ക്കുന്ന ഒരു കാര്യമാണു്. മെഡിക്കൽ കോളേജു് തിരുവിതാംകൂറിൽ ഇല്ലാതെയിരിക്കുന്നതുകൊണ്ടു് പണക്കാരായ കുട്ടികൾക്കു മാത്രമേ മെഡിക്കൽ വിദ്യാഭ്യാസം കിട്ടിവരുന്നുള്ളു. പണക്കാരായ കുട്ടികൾക്കും വലിയ ഉദ്യോഗസ്ഥന്മാരുടെ കുട്ടികൾക്കും മാത്രമേ മെഡിക്കൽ കോളേജിൽ പോകാൻ സാധിച്ചിട്ടുള്ളു. ഇക്കഴിഞ്ഞ വർഷവും ഇന്തരത്തിലുള്ള കുഴപ്പങ്ങൾ ഉണ്ടായി എന്നുള്ള ചില സൂചനകൾ ഞാനും കേട്ടിട്ടുണ്ടു്. ഏതായാലും എനിക്കു പറയാനുള്ളതു് സാധുക്കളായ കുട്ടികൾക്കു—സാധാരണക്കാരൻറെ കുട്ടികൾക്കു—മെഡിക്കൽ വിദ്യാഭ്യാസം ഉണ്ടാകണമെങ്കിൽ നിശ്ചയമായും ഇവിടെ ഒരു മെഡിക്കൽ കോളേജു് അത്യന്താപേക്ഷിതമാണെന്നാണു്. ഇതു് കാര്യമായി ജനകീയ ഗവണ്മെൻറു മനസ്സിലാക്കി ഇതിലേയ്ക്കു പത്തുലക്ഷം രൂപാ ബഡ്ജറ്റിൽ കൊള്ളിച്ചിരിക്കുന്നതു് വളരെ നന്നായി. നിശ്ചയിയുള്ളിടത്തോളം കൊള്ളാവുന്ന കുട്ടികളെ എല്ലാം മെഡിക്കൽ കോളേജിൽ പ്രവേശിപ്പിക്കാൻ തക്കവണ്ണം വേണ്ട ഒരു പദ്ധതി ഉണ്ടായിരിക്കേണ്ടതാണു്. മുപ്പതോ ഇരുപത്തഞ്ചോ കുട്ടികളെ ഒരുണ്ടിൽ മെഡിക്കൽ

LIBRARY ARCHIVES Kerala Legislative Assembly

[Mr. G. Chandrasehkara Pillai]

കാളേജിൽ ചേർത്താൽ പോരാ. മൂന്നൂറോ നാന്നൂറോ, കുട്ടികളെ മെഡിക്കൽ കാളേജിൽ ഒരേ സമയം ചേർക്കത്തക്കവണ്ണം വിപുലമായ രീതിയിൽ ഉള്ള സജ്ജീകരണങ്ങൾ ചെയ്യണം

MR. MANNATHU PADMANABHA PILLAI (*Pathanamthitta II—General*): അതുകൂടാതെ ഡാക്ടർമാർ വെളിയിൽ വരുമ്പോൾ അവർക്കു ചികിത്സിക്കത്തക്കവണ്ണം രോഗികൾ ഇവിടെ ഉണ്ടോ?

MR. G. CHANDRASEKHARA PILLAI: ഈ രാജ്യത്തു് വളരെ സുഖക്കേടുകാർ ഉണ്ടു് എന്നു് ഈ സഭയിലെ അംഗങ്ങൾക്കറിയാം.

MR. ABDUL AZIZ: മെഡിക്കൽ കാളേജിലെ പ്രവേശനത്തെപ്പറ്റി...

MR. G. CHANDRASEKHARA PILLAI: ചോദ്യങ്ങൾക്കു് ഉത്തരം പറയാൻ സമയമില്ല. എന്റെ പ്രസംഗം കഴിഞ്ഞശേഷം വേണമെങ്കിൽ ഉത്തരം പറയാം.

അരിവില കുട്ടിയതു് സാധുകരിയ്ക്കുവുന്നതാണെന്നു ഞാനും സമ്മതിക്കുന്നു. അരിയുടെ രണ്ടുതരത്തിലുള്ള വില നിശ്ചയിച്ചിരുന്നു എങ്കിൽ നന്നായിരിക്കുമായിരുന്നു എന്നു് എനിക്കു തോന്നുന്നു. അരിയുടെ വില കുടിയതുകൊണ്ടു് ധാരാളം പണവും സ്വത്തും ഉള്ളവർക്കും ഉദ്യോഗസ്ഥന്മാർക്കും വൈഷമ്യം ഉണ്ടാകയില്ല. പക്ഷെ സാധാരണക്കാർ ഇവിടെ ഉണ്ടു്; കൂലിക്കാർ ഉണ്ടു്; സാധുക്കളും ഉണ്ടു്. ഇവർക്കു് ഈ വിലക്കൂടുതൽ വേദനാജനകമാണു്. അതിനാൽ പണക്കാർ, സ്വത്തുള്ളവർ ഇവരെ സംബന്ധിച്ചു് ഒരു വിലയും, സാധാരണക്കാർക്കു് കുറഞ്ഞ വേറൊരുവിലയും അങ്ങിനെ രണ്ടുതരത്തിലുള്ള വിലവയ്ക്കാം. അങ്ങനെ സാധുക്കളെ സഹായിക്കുകയും ഗവൺമെന്റിനു് അവരുടെ സാമ്പത്തികനില അഭിവൃദ്ധിപ്പെടുത്തുകയും ചെയ്യാം. അരിവില്പനയെ സംബന്ധിച്ചിടത്തോളം ഇപ്പോഴും ഏതാണ്ടു് ഒരു ഗവൺമെൽറ്റ് നഷ്ടപ്പെട്ടാണു് അരിവിറ്റു വരുന്നതെന്നറിയുന്നു. അങ്ങനെ നഷ്ടം ഉണ്ടാകാതെയിരിയ്ക്കണമെന്നുണ്ടെങ്കിൽ പണക്കാർക്കു് ഒരു വിലയും സാധാരണക്കാർക്കു് കുറഞ്ഞ തോതിൽ വേറൊരു വിലയും വയ്ക്കുന്നതു നന്നായിരിക്കുമെന്നു് എനിക്കു തോന്നുന്നു.

ഫ്രീ മിനിട്ടു സമയമേ അനുവദിച്ചിട്ടുള്ളൂ. സമയമായിപ്പോയി എന്നു തോന്നുന്നു. ഒരു വാക്കുകൂടി അദ്ധ്യക്ഷന്റെ അനുവാദത്തോടുകൂടി പറഞ്ഞു് ഈ പ്രസംഗം അവസാനിപ്പിക്കാമെന്നു് വിചാരിക്കുന്നു. പോലീസ് ഡിപ്പാർട്ടുമെൻറിനെപ്പറ്റിയാണു് പറയാനുള്ളതു്. പോ

LIBRARY ARCHIVES Kerala Legislative Assembly

പീസ് ഡിപ്പാർട്ടുമെൻറിന് കൂടുക്ഷമതയും അതിലെ സിൽബന്ധികർക്ക സഭാവശുദ്ധിയും സാമർത്ഥ്യവും അത്യന്താപേക്ഷിതമാണ് എന്ന പറയുന്നതുകൊണ്ട് മറ്റു ഡിപ്പാർട്ടുമെൻറുകാക്ക ഇതു ഉണങ്ങാർ വേണ്ടാത്ത ഞാൻ പറഞ്ഞതായി വിചാരിയ്ക്കരുത്. പോലീസ് ഡിപ്പാർട്ടുമെൻറിന് ഇതു് ഏറ്റവും കൂടുതലായി വേണം എന്നാണ ഞാൻ പറയുന്നതു്. അങ്ങിനെയുള്ള പോലിസ് ഡിപ്പാർട്ടുമെൻറിലെ താഴ്ന്ന ജീവനക്കാക്ക സഹായമെങ്കിലും ശമ്പളം കൂട്ടികൊടുക്കേണ്ടതായിരുന്നു. താഴ്ന്ന ശമ്പളക്കാക്ക വല്ലതും കൂട്ടികൊടുത്താൽ മതിയെന്നല്ല ഞാൻ പറയുന്നതു്. അവക്ക മാസം ഒ ൦ — ന്നു രൂപയെങ്കിലും കൊടുക്കാനുള്ളതാണ്. എന്നാൽ അതു് ഇപ്പോഴം ഒന്നിച്ചു സാധ്യമല്ലാ. പോലിസ്സ് ഡിപ്പാർട്ടുമെൻറിലെ താഴ്ന്ന ജീവനക്കാരുടെ ശമ്പളത്തെ പറ്റി പറഞ്ഞുകൊണ്ടു ഞാൻ ഡിപ്പാർട്ടുമെൻറിലെ താഴ്ന്ന ശമ്പളക്കാരെയും ബാധിക്കുന്നതുകൊണ്ടാണ് ഗവർണ്മെൻറിൽ നിന്നും വേണ്ടതു ചെയ്യേണ്ടതായിരുന്നു. അപ്രകാരം താഴ്ന്ന ജീവനക്കാരുടെ ശമ്പളം കൂട്ടുന്നതിനു ഒരു തുക ബഡ്ജറ്റിൽ ചേർത്തിരുന്നു എങ്കിൽ നന്നായിരിക്കുമായിരുന്നു. സമയം കുടിപ്പോയതിനാൽ ഇപ്പോഴം ഇതിൽ കൂടുതൽ പറയണമെന്നു വിചാരിക്കുന്നില്ല.

MR. K. SIVARAMA PILLAI (*Thovala —General*): Sir, the Honourable Finance Minister while presenting the Budget has stated that it is an unforgettable one in the history of Travancore because it is the first budget of a free people's Government. The same is being reiterated today by the Honourable Deputy Speaker of this House. To me also it appears that this budget is unforgettable in the history of Travancore because a deficit budget has been so manipulated as to appear a surplus budget. Let me but explain by stating only one item out of the several items of expenditure. I take the item under Public Debt and Unfunded Debt.

The Unfunded Debt of Travancore ralates to four heads, that is, the 5 percent Debenture Loan of 1091, the 3½ percent loan of 1956, the 3 percent loan of 1950-52 and the Special Loan. For the purpose of the present discussion, I may omit the Special Loan because a search of the Budget will show under what conditions it was borrowed. So, from a review of all these, the Budget, if I may say so, is a false one. Including the known rates of interest under these heads for the year 1123-24, particularly under the 5 percent Debenture Loan, we have to pay Rs. 1,030 per annum by way of interest. For the 3 1/2 percent loan we have to pay Rs. 1 lakh and odd. Under the 3 percent loan, we have to pay Rs. 9,17,139. In all, we have to pay Rs. 10,91,294 per annum by way of interest. This interest is of course a first charge on our revenues and that should be paid first. A perusal of the Budgets till 1122 will show that the entire

LIBRARY ARCHIVES Kerala Legislative Assembly

[Mr. K. Sivarama Pillai]

amount has been deducted on the expenditure side and paid subsequently without giving any balance. Unfortunately, if we turn to page 104 of the Budget, we find that for 1123 only a sum of Rs. 9,86,000 was paid by way of interest. For 1124 a sum of Rs. 10,04,000 is being paid. The total comes out of the legally due interest from the Government. This Government is not paying Rs. 2,06,089. If this sum is credited on the debit side of the expenditure, as it ought to be legally done, then instead of the Budget being a surplus budget to the extent of Rs. 1 1/2 lakhs, it will be a deficit budget to the extent of Rs. 50,000.

Sir, it must be asked whether this omission is a deliberate one. I say it is a deliberate one. If we turn to page 17 of the Budget Report wherein our liabilities are given, we will find that there are no liabilities—

MR. K. R. ELANKTAH: Sir, On a point of order. The Honourable Member was saying that it is a deliberate one. Is it not a charge against the Minister? It is all right when he makes certain observations. When he says "deliberate one", is it not an insinuation against Government?

MR. PRESIDENT: He says that the Finance Minister deliberately put down certain figures. You may continue, Mr. Sivarama Pillai.

MR. K. SIVARAMA PILLAI: Sir, I may assure the House that it is not intended as an insinuation against the Finance Minister. It is my duty to point out that these two lakhs ought to find a place in our liability column wherein the liabilities of the State are given. So long as the non-payment of Rs. 2 lakhs and odd due from us is not included, it is done though not deliberately but only to show that the budget is a surplus budget and not a deficit budget.

Now let me come to the Ways and Means budget as given in page 13 of the Budget Memorandum for 1124. At first sight it may seem that our State is in a sound position, commanding sufficient money for the day to day administration for the year 1124. But the fact remains otherwise and it cannot stand the test of scrutiny. Let me trace the history of the Ways and Means Budget from the year 1122 onwards. The year 1122 opened with a cash balance of Rs. 7·17 crores. It was hoped that 1122 will end with a cash balance of 4·39 crores. But at the time of the preparation of the 1123 budget, it was revised and the Revised Estimate of the closing balance is Rs. 2·14 crores. When preparing the 1124 budget to our horror we find the closing balance of 1122 is not 4·39 crores as originally expected or 2·14 crores as subsequently revised but 11·94 crores. The State began with a minus budget in 1123 to the extent of nearly Rs. 12 lakhs. When 1123 came to a close it was anticipated that about Rs. 3 crores will be the cash balance. In view of the actuals given it was revised and it was

LIBRARY ARCHIVES Kerala Legislative Assembly

found that the closing balance was Rs. 2·59 crores. How Rs. 2 59 crores suddenly came to the hands of the Government is revealed in page 210 of the Budget Report Therein you will find that under Suspense Account, without any authorisation, a sum of Rs 4 1/2 crores has been borrowed from the Imperial Bank of India on the overdraft account. To show a cash balance of Rs. 2 1 2 crores at the end of 1123, our Government, without any authorisation whatsoever from this Assembly, had to borrow on the Suspense and Overdraft Account from the Imperial Bank of India. This year also they were forced to borrow another one crore to show a cash balance of nearly 2 1/2 crores at the end of 1124. So, in this Ways and Means Budget, instead of the surplus of 1 1/2 lakhs, we have in actual fact a deficit of Rs. 15 lakhs, and also if we take away the borrowing from the Imperial Bank of India we would find that we will be in a deficit to the extent of Rs. 2 crores. That is the state of affairs at which the Ways and Means Budget stands.

Let me mention about the financial position of our State. Here also I hope I will be permitted to trace the history of Travancore from 1122. In that year it was expected that the assets of our State will be Rs. 27·05 crores and our liabilities Rs. 26·38 crores. That is, our assets will be nearly Rs. 67 lakhs in excess of our liabilities. But when the 1124 Budget was perused we find in page 16 that the assets so far as 1122 is concerned are only Rs. 24·1 crores and the liabilities Rs. 25·05 crores. That is instead of an excess of assets to the extent of Rs 67 crores. we are in a deficit of Rs. 13 lakhs. At page 16, it is hoped that the assets by the end of 1124 will be to the extent of Rs. 29 crores, a sudden rise from 26 to 29 crores. One would naturally consider that if there is to be a rise in our Budget, should there not be a corresponding rise in our real assets? By 'real assets' I mean the amounts that are invested in gilt-edged securities, bullion account, post-war and sinking fund investment and liquid cash as deposits in the banks. When these items are alone taken into consideration, I find at the beginning of 1123 we have got as real assets 10·44 crores and the real assets will, it is hoped, by 1124 be 6·43 crores, a reduction in our real assets. The rest of the items at page 16 is only speculative—I would even call fancied. Because, our share in the industrial concerns, the amounts invested in the transport and other schemes at the time of boom, may not fetch the same price in other times. So, taking all these into consideration, we find that 1124 would end only with the assets to the extent of 24 crores and the liabilities to the extent of 27 crores, by which our Government, from a deficit of 1·13 crores in 1123, will be in a deficit of 3 crores by the end of 1124. I ask whether we can characterise such a financial position of our State as quite satisfactory.

Now, let me look at the Budget from another aspect. A Budget is considered to be balanced if the national debt of our State is not increased. If the debt increases it is a deficit budget, which is

LIBRARY ARCHIVES Kerala Legislative Assembly

[Mr. K. Sivarama Pillai]

economically an evil. Here, I am glad to find that, except in 1124 in all the years we were borrowing large sums under funded debts. But this year I do not find any anticipation of borrowing under funded debts. But the Government hope to clear the funded debts on special loans; the rates and conditions under which it is borrowed remain a mystery so far as we are concerned, to the extent of 9 lakhs. But how are they going to pay it? That will be seen from page 15 of the Budget of this year. Mere conversion of a funded debt into unfunded debt is no repayment. And I cannot say whether this is good to our country because the conditions under which this debt and the debt that is to be cleared are not given to us. But one thing I can point out, that is, the policy of repaying funded debt by creating large unfunded debts is economically unsound, as we are subject too much and too often to the caprices of money-lenders, who at any time can demand this 50 lakhs from us.

Sir, though I wish to point out many other things, I close with one observation about sales tax. One bright, redeeming feature in this budget is that prohibition is going to be introduced; but correspondingly along with that we find that to make up the fall in revenue we are going to introduce a sales tax. I would just point out that any tax for revenue only is a shallow and mistaken position. The proposed sales tax from the common man's view will only obstruct the poor middle class man, who has no income. The object in taxation should be for equalising inequalities in the State. That is forgotten. A fall in the income tax to the extent of 30 lakhs is anticipated and Government are faced with serious problems of making both ends meet. Prohibition and its enforcement will be a serious drain on our resources, unless Government ventures to tap other income-yielding resources. Sir, with these words, I close.

MR. P S. MUHAMED : സർ, ജനകീയ ഗവൺമെന്റിന്റെ ആദ്യത്തെ ബഡ്ജറ്റിനെ സംബന്ധിച്ച് ഫിനാൻസ് മന്ത്രി ചെയ്ത പ്രസംഗം സൂക്ഷ്മമായി നോക്കുകയാണെങ്കിൽ അദ്ദേഹം വളരെ പ്രതീക്ഷകളോടുകൂടിയാണ് തിരുവിതാംകൂറിന്റെ ഭരണം മുമ്പോട്ടുകൊണ്ടു പോകുവാൻ ആഗ്രഹിക്കുന്നതെന്ന് നമുക്ക് കണ്ടെത്തുവാൻ കഴിയും. ഈ ബഡ്ജറ്റിന്റെ ഉള്ളിൽ കടന്നുനോക്കിയാൽ എന്റെ സ്നേഹിതന്മാർ ഭയപ്പെടുന്നതുപോലെ ഡെഫിസിറ്റ് ആയാലും സർപ്ലസ് ആയാലും ഭയപ്പെടുവാൻ ഇല്ല. അതു സ്വാഭാവികമായി കാലാനുസരണമായിട്ട് നിലവിൽ വരുവുന്നതാണ്. ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ബഡ്ജറ്റിനെ സംബന്ധിച്ച് എനിക്കു മനസ്സിലാക്കാൻ കഴിഞ്ഞിടത്തോളം അതിന്റെ സാമ്പത്തികമായവശങ്ങൾ എല്ലാം നിലയിൽ ആയിരുന്നാലും അതിന്റെ അവസാനം രണ്ടുലക്ഷം രൂപ അല്ല,

LIBRARY ARCHIVES Kerala Legislative Assembly

അതിലും കൂടുതലായി സർപ്ലസ് ഉണ്ടാകുമെന്നാണ് എനിക്കു കാണുവാൻ കഴിയുന്നതു്. ഈ സർപ്ലസ്സോ, ഡെഫിസിറ്റോ വലിയ കാര്യമായി ഞാൻ ഗണിക്കുന്നില്ല. അതുകൊണ്ടു് അതിലേക്കു് കടക്കണമെന്നു ഞാൻ ആഗ്രഹിക്കുന്നില്ല. എന്നാൽ ബഡ്ജറ്റിനെക്കുറിച്ചു് ഒരു സംഗതി ഇവിടെ പ്രസ്താവിക്കേണ്ടതുണ്ടു്. ബഡ്ജറ്റിന്റെ സമ്പ്രദായത്തിൽ ഒരു പുതുമ കാണുമെന്നായിരുന്നു ഞങ്ങളിൽ പലരും പ്രതീക്ഷിച്ചിരുന്നതു്. ആ പുതുമ ഈ ബഡ്ജറ്റിനില്ലെന്നു പറയാതെ നിവൃത്തിയില്ല. പഴയരീതിയിൽ തന്നെയാണു് ഇപ്പോഴും ബഡ്ജറ്റിന്റെ പോക്കു് എന്നാണെനിക്കു മനസ്സിലാക്കാൻ കഴിഞ്ഞിട്ടുള്ളതു്. നേഷൻ ബിൽഡിംഗ്സ് കാര്യങ്ങൾക്കായി കുറെ സംഖ്യ കൊള്ളിച്ചിട്ടുണ്ടെന്ന സംഗതിയും വിദ്യാഭ്യാസത്തിനു വമ്പിച്ചതുക കൊള്ളിച്ചിട്ടുണ്ടു് എന്ന സംഗതിയും ഞാൻ വിസ്മരിക്കുന്നില്ല. അതിനു മുമ്പും വലിയ സംഖ്യകൾ ഇതിനായി ചിലവഴിച്ചിട്ടുണ്ടെങ്കിലും അവയെ പ്രയോജനപ്പെടുത്തി കണ്ടിട്ടില്ല. അതിനാൽ അന്തഃവസാനത്തിൽ അവയെ എങ്ങിനെ വിനിയോഗിക്കുന്നു, പ്രയോജനപ്പെടുത്തുന്നു എന്നു കണ്ടതിനുശേഷമേ അതിനെ സംബന്ധിച്ചു് ഒരു വിധികൽപ്പിക്കുവാൻ നിവൃത്തിയുള്ളൂ. മുൻപിലത്തെ ഗവണ്മെൻറും ഇങ്ങനെ സംഖ്യകൾ കൊള്ളിക്കുകയും പ്രസംഗിക്കുകയും ചെയ്യാറുണ്ടായിരുന്നു. ഇന്നത്തെ ഗവണ്മെൻറും അതേ രീതിയിൽ തന്നെ നല്ല ഉദ്ദേശങ്ങളോടുകൂടിത്തന്നെയാണു് സംഖ്യകൾ കൊള്ളിച്ചിട്ടുള്ളതെന്നു വരികിലും അതിന്റെ പ്രായോഗികമായ വിനിയോഗം കണ്ടതിനുശേഷം മാത്രമേ ഗവണ്മെൻറിനെ അഭിനന്ദിക്കുകയോ കുറ്റപ്പെടുത്തുകയോ ചെയ്യുവാൻ സാധിക്കുകയുള്ളൂ. എന്നാൽ ഒരു സംഗതി പറയുവാൻ ഫിനാൻസ് മിനിസ്റ്റർ ധൈര്യപ്പെടുകതന്നെ ചെയ്യുന്നു. അദ്ദേഹത്തിന്റെ പ്രസംഗത്തിൽ നിന്നും നമ്മുടെ ബഡ്ജറ്റ് സാധാരണക്കാരന്റെ ഒരു ബഡ്ജറായിത്തീരണമെന്നേ അദ്ദേഹം ആഗ്രഹിക്കുന്നുള്ളൂ എന്നു് മനസ്സിലാക്കാം. ആ ആഗ്രഹത്തെ ഞാൻ സ്വാഗതം ചെയ്യുകയും അതു പ്രായോഗത്തിൽ വരുത്തിക്കാണുവാൻ ഞങ്ങളുടെ സഹകരണവാഗ്ദാനം ചെയ്യുകയും ചെയ്യുന്നു. എന്നാൽ ഈ ബഡ്ജറിൽ അങ്ങിനെ സാധാരണക്കാരനുവേണ്ടി ഒന്നും തന്നെ കാര്യമായി കൊള്ളിച്ചിട്ടില്ലെന്നും സാധാരണക്കാരനെ പട്ടിണിയിൽ നിന്നു രക്ഷിക്കുന്നതിനായി ഉദ്ദേശിക്കുന്നവരായ മനുഷ്യരെ രക്ഷിക്കുന്നതിനുവേണ്ടയാതൊന്നും ഈ ബഡ്ജറിൽ കാണുവാൻ സാധിച്ചിട്ടില്ലെന്നു് പറയാതെ

LIBRARY ARCHIVES Kerala Legislative Assembly

[Mr. P. S. Mohamed]

നിവൃത്തിയില്ല. ജനകീയ ഗവണ്മെൻറ് അവരുടെ ഭരണാധികാരം കയ്യേറ്റ അവസരത്തിൽ തന്നെ ജനങ്ങൾ പലതും പ്രതീക്ഷിച്ചിരുന്നു. കൂടുതൽ പ്രതീക്ഷിച്ചതു് പട്ടിണിക്കാരായിരുന്നു. കൂടുതൽ നിരാശപ്പെട്ടതും അവരാകുന്നു. എന്തെന്നാൽ അവർക്കു കൂടുതൽ വിഷമം ഉണ്ടാക്കുന്ന അരിവില കൂട്ടലായിരുന്നു. നിർഭാഗ്യവശാൽ ഗവണ്മെൻറ് അതു മനഃപൂർവമല്ലെങ്കിലും അരിക്കും നെല്ലിനും വില കൂട്ടിയതു് സാധാരണക്കാരന്റെ നേർക്കു് നാം ചെയ്തിട്ടുള്ള ഒരു കടുംകയ്യാണെന്നു് അവർ വിശ്വസിക്കുന്നു. നെല്ലിന്റെ അല്ലെങ്കിൽ അരിയുടെ വിലകുറയ്ക്കുന്നതിനു് ഗവണ്മെൻറിനു് കഴിഞ്ഞിട്ടില്ലെങ്കിലും അവരുടെ സാമ്പത്തിക സ്ഥിതി അഭിവൃദ്ധിപ്പെടുത്തുവാൻ പ്രയോജനപ്പെടുന്ന പദ്ധതികൾ ഈ ബഡ്ജറിൽ ഉണ്ടാകുമെന്നു ഞാൻ പ്രതീക്ഷിച്ചിരുന്നു. ഈ ബഡ്ജറിൽ അതിനായി എന്തെങ്കിലും ചെയ്തിട്ടുണ്ടോ എന്നു നോക്കിയാൽ യാതൊരാശ്വാസത്തിനും വകയില്ലാ എന്നു തന്നെ പറയാം. എന്നു മാത്രമല്ല സാധാരണക്കാർ ഭയപ്പെടത്തക്ക നിലയിലുള്ള ചിലനിർദ്ദേശങ്ങളും കാണുന്നു. അതായതു് ഒരു തരം കൺട്രോൾ സംപ്രദായം നടപ്പിലാക്കണമെന്നു് ഗവണ്മെൻറ് ആഗ്രഹിക്കുന്നതായി കാണുന്നു. അതിന്റെ ഫലം നല്ലതായിരിക്കുമോ ചീത്തയായിരിക്കുമോ എന്നിപ്പോൾ പറയാൻ നിവൃത്തിയില്ല. ഏതായാലും അതു് സാധാരണക്കാരനെ വിഷമിപ്പിക്കുന്നതായിരിക്കും.

MR. PRESIDENT : ആർ.ഡർ, ആർ.ഡർ. സഭ ഇപ്പോൾ ലഞ്ചിനു പിരിയുന്നതും ഇതു സംബന്ധിച്ചുള്ള ചർച്ചകൾ വൈകുന്നേരം സഭ കൂടുമ്പോൾ തുടരുന്നതുമായിരിക്കും.

The House adjourned for lunch at 1 p. m.

The House re-assembled after lunch at 2 p. m. with the President in the chair.

ORDER OF DEMANDS FOR GRANDS.

MR. PRESIDENT : ഡിമാൻറിന്റെ ആർഡറിൽ എന്തെങ്കിലും ഭേദഗതി ചെയ്യണമെന്നു് സഭയ്ക്കു് അഭിപ്രായമുണ്ടോ എന്നു് അറിഞ്ഞാൽ കൊള്ളാം.

MR. P. GOPALAN (*Vaikom III—General*): Demand No. 26 and 27 may be taken up after land revenue.

MR. A. NESAMONY: Demand numbers 11, 8, 9, and 13 may be taken up as demand numbers 1, 2, 3, and 4.

HON'BLE MR. A. THANU PILLAI : Anyway all those will come.

LIBRARY ARCHIVES Kerala Legislative Assembly